പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4606. 04/02/2014 -ൽ മറുപടിക്ക്

## വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>'' അൻവർ സാദത്ത്<br>'' ആർ. സെൽവരാജ്<br>'' ലൂഡി ലൂയിസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>ബി) ഏതെല്ലാം തരം രജിസ്ട്രേഷനുകൾക്കാണ് ഫീസിളവ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ ; | എ) & ബി) കുടുംബാംഗങ്ങൾ (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ)ക്കിടയിലുള്ള ഭാഗപത്രങ്ങൾ, ഒഴിവുകുറികൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25000/-രൂപ എന്ന പരിധിക്കു വിധേയമായി, 1% ആയി ഏകീകരിക്കുകയുണ്ടായി.<br><br>കുടുംബാംഗങ്ങൾ(അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ)ക്കിടയിലുള്ള ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി 25000/-രൂപ എന്ന പരിധിക്കു വിധേയമായി, 1% ആയി ഏകീകരിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത വിഷയം സംബന്ധിച്ച് നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | സി) ഉണ്ട്. 18/04/2012-ലെ ജി.ഒ.(പി).73/ 2012/റ്റിഡി. നമ്പർ ആയും, 22/08/2012-ലെ ജി.ഒ.(പി)149/2012/റ്റിഡി. നമ്പർ ആയും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

......2

| | |
|---|---|
| ഡി) എന്ന് മുതലാണ് ഫീസിളവിന് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | ഡി) 22/08/2012 മുതൽ.<br>കുടുംബാംഗങ്ങൾ (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ)ക്കിടയിലുള്ള ഭാഗപത്രങ്ങൾ, ഒഴിവുകുറികൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25000/-രൂപ എന്ന പരിധിക്ക് വിധേയമായി, 1% ആയി ഏകീകരിച്ചിട്ടുണ്ട്.<br><br>കുടുംബാംഗങ്ങൾ (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ)-ക്കിടയിലുള്ള ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25000/-രൂപ എന്ന പരിധിക്ക് വിധേയമായി, 1% ആയി ഏകീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.